പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*145 | 04-12-2018-ലെ മറുപടിയ്ക്ക്

**പ്രളയത്തിൽ കാർഷിക മേഖലക്കുണ്ടായ നഷ്ടങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ.വി.ആർ. സുനിൽ കുമാർ<br>ശ്രീ. മുഹമ്മദ് മുഹസിൻ പി.** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പ്രളയം സംസ്ഥാനത്തെ കാർഷിക മേഖലക്കുണ്ടാക്കിയ നഷ്ടത്തിന്റെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | 2018 ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിന്റെ ഫലമായി സംസ്ഥാനത്തൊട്ടാകെ 2,36,649.5 ഹെക്ടർ സ്ഥലത്തെ കൃഷി പൂർണ്ണമായും നശിച്ചുപോയിട്ടുണ്ട്. കാർഷികമേഖലയിൽ 19,001.84 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്. ആയതിന്റെ ഘടകം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | ഘടകം | രൂപ (കോടിയിൽ) |
|---|---|---|
| 1. | വിളകൾക്കുണ്ടായ നാശനഷ്ടം | 18545.25 |
| 2. | കൃഷിഭൂമിക്കുണ്ടായ നാശനഷ്ടം (മണ്ണിടിച്ചിൽ, ഉരുൾ പൊട്ടൽ തുടങ്ങിയവ) | 326.25 |
| 3. | കാർഷിക മേഖലയിലെ ആസ്തികൾക്കും, ഉല്പാദനോപാധികൾക്കും ഉണ്ടായ നാശനഷ്ടം | 130.34 |
| | **ആകെ** | **19001.84** |

| | | | |
|---|---|---|---|
| (ബി) | ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിൽ നെല്ല്, കപ്പ, പച്ചക്കറി, വാഴ, തെങ്ങ്, റബ്ബർ, കുരുമുളക്, ജാതി, ഇഞ്ചി തുടങ്ങിയ വിവിധ മേഖലകളിലെ കർഷകർക്കുണ്ടായ നഷ്ടം വിലയിരുത്തിയിട്ടുണ്ടോ ; | (ബി) | ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

**(സി)** കാപ്പി, കശുമാവ്, വെറ്റില, ഗ്രാമ്പൂ, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, കരിമ്പ്, പൈനാപ്പിൾ തുടങ്ങിയ വിളകൾക്ക് സംഭവിച്ച നാശനഷ്ടങ്ങൾ വ്യക്തമാക്കുമോ;

**(സി)** നാശനഷ്ടങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിള | വിസ്തീർണ്ണം (ha) |
|---|---|---|
| 1. | കാപ്പി | 365 |
| 2. | കശുമാവ് | 74 |
| 3. | വെറ്റില | 150 |
| 4. | ഗ്രാമ്പൂ | 55 |
| 5. | മഞ്ഞൾ | 105 |
| 6. | കൊക്കോ | 410 |
| 7. | നിലക്കടല | 10 |
| 8. | എള്ള് | 5 |
| 9. | കരിമ്പ് | 110 |
| 10. | പൈനാപ്പിൾ | 850 |

**(ഡി)** കൃഷിനാശത്തിന് കർഷകർക്ക് നഷ്ടപരിഹാരം നല്കുമോയെന്ന് വ്യക്തമാക്കുമോ;

**(ഡി)** മഹാപ്രളയത്തിൽ സംഭവിച്ച കൃഷിനാശത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഇതുവരെ 3,05,964 കർഷകർ അപേക്ഷ നൽകിയിട്ടുണ്ട്. ഇതിൽ 2,32,966 കർഷകർക്ക് SDRF ഫണ്ടിൽ നിന്നും 66.747 കോടി രൂപയുടെ ധനസഹായം നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. ഇതിനു പുറമേ, സംസ്ഥാന വിഹിതമായി 2,18,198 കർഷകർക്ക് 110.27 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. ചെളിമണ്ണ്, പാറ, മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടൽ മൂലം കൃഷിഭൂമി നഷ്ടപ്പെട്ടവർക്കും 525 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് അടിയന്തിരമായി ഇൻഷ്വറൻസ് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 11,750 കർഷകർക്ക് നഷ്ടപരിഹാരമായി 18.19 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. പ്രളയക്കെടുതികളുടെ ഭാഗമായി കോട്ടയം, ആലപ്പുഴ ജില്ലകളിൽ പ്രധാൻമന്ത്രി ഫസൽ ഭീമ യോജന പ്രകാരം ഇൻഷ്വർ ചെയ്ത് കൃഷിയിറക്കിയതും വായ്പ എടുത്തിട്ടും വിള

| | | | |
|---|---|---|---|
| | | | ഇറക്കാൻ കഴിയാതിരുന്നതുമായ കർഷകർക്ക് നഷ്ടപരിഹാരമായി ഇൻഷുറൻസ് തുകയുടെ 25% നൽകുന്നതിന് സർക്കാർ തീരുമാനിച്ചു |
| **(ഇ)** | വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്ത് കൃഷിയിറക്കിയ കർഷകരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | **(ഇ)** | മഴക്കെടുതി മൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം എത്തിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം കാർഷിക കടങ്ങൾക്കും വിദ്യാഭ്യാസ വായ്പകൾക്കും 2018 ജൂലൈ 31 മുതൽ ഒരു വർഷത്തേയ്ക്ക് മോറട്ടോറിയം പ്രഖ്യാപിച്ചു. പ്രളയബാധിത ജില്ലകളിലെ കർഷകരുടെ കാർഷിക വായ്പകൾ പുന:ക്രമീകരിക്കുന്നതിനും മോറട്ടോറിയത്തിന്റെ കാലപരിധി കഴിഞ്ഞശേഷം ടേം ലോൺ ആക്കിയാൽ കൂട്ടുപലിശ ഒഴിവാക്കി സാധാരണ പലിശ മാത്രം ഈടാക്കുവാനും തിരിച്ചടവ് തുക തവണകളായി അഞ്ചുവർഷംകൊണ്ട് തിരിച്ചടക്കാവുന്ന രീതിയിൽ പുന:ക്രമീകരിക്കുവാനും സംസ്ഥാനതല ബാങ്കേഴ്സ് സമിതി പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ തീരുമാനമായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**